# ഒരു പാനീയത്തിന്റെ രാഷ്ട്രീയം

ഒ.വി. വിജയൻ

**കോളകൾ മാനസികമായും ആത്മീയമായും രാഷ്ട്രീയമായും വിഷമെന്ന് പ്രവചനാത്മകമായി ഒ.വി. വിജയൻ മുമ്പേ എഴുതിയിരുന്നു, പ്ലാച്ചിമടകൾക്കുംമുമ്പ്**

**ഈയിടെ** തംസപ്പ് (Thums up)എന്ന ശീതളപാനീയം ലോകസഭയിൽ ഒച്ചപ്പാടു സൃഷ്ടിച്ചു. പ്രസ്തുത പാനീയത്തിന്റെ ഉത്പാദകർ അതിനെ ഒരു 'കോള' (cola) പാനീയമായാണ് പരസ്യം ചെയ്തതെന്നും അതിൽ 'കോള' (അതെന്തെന്ന് എനിക്കറിഞ്ഞുകൂടാ) യുടെ അംശം ഇല്ലായ്കയാൽ പരസ്യം ജനവഞ്ചനയാണെന്നും, അല്പം കോളയുടെ അംശം ഉണ്ടെങ്കിൽ 'കോളയില്ലാക്കുടിസാധന'മെന്ന നിലയ്ക്കു ചുരുങ്ങിയ എക്സൈസ് നികുതി മാത്രം കൊടുത്തത് ക്രമവിരുദ്ധമായെന്നും ഇന്ദിരാ കോൺഗ്രസ്സിലെ യുവനേതൃത്വം ആവലാതിപ്പെട്ടു. തംസപ്പ് കൊക്കകോളാ വിരുദ്ധ ശക്തികളോടും ജനതാ സംവിധാനത്തോടും ബന്ധപ്പെട്ട ഒരു പാനീയമത്രെ. ജനതയുടെ വിദേശനയം (അന്ന് ജോർജ് ഫെർണാണ്ടസിന്റെ തുടക്കം) അമേരിക്കയെ അനുകൂലിക്കുന്നതായിരുന്നെങ്കിലും അവർ കൊക്കകോളയെ ഇവിടെനിന്നും ഇറക്കി വിടുകയാണുണ്ടായത്. ഇന്ദിരാ ഗാന്ധി പണ്ട് 'എന്റർപ്രൈസ്' എന്ന അമേരിക്കൻ വിമാനവാഹിനിക്കപ്പലിനെ തുരത്തിയതുപോലെതന്നെ ഐതിഹാസികമായ ഒരു വിജയമായി അന്നത്തെ ജനതാ നേതാക്കന്മാർ ഈ കൊക്കക്കോളാവധത്തെ കണക്കാക്കിയതായറിയുന്നു. എന്നാൽ, കൊക്കകോളയുടെ ഇന്ത്യൻ താത്പര്യവ്യാപ്തി അതിന്റെ ആകെ മൊത്തം താത്പര്യങ്ങളുടെ തുച്ഛമായ ഒരു ശതമാനം മാത്രമേ ആയിരുന്നുള്ളൂ.

സഞ്ജയ്ഗാന്ധിയുടെ സന്തതസഹചാരിയായ ചരൺജിത്സിങ് (അദ്ദേഹം ഇക്കഴിഞ്ഞ തരംഗത്തിൽ തിരഞ്ഞെടുക്കപ്പെട്ടവനാണ്) ആണ് കൊക്കകോള ബഹുരാഷ്ട്ര കുത്തകയുടെ ഇന്ത്യൻ കൂട്ടാളി. (വിദേശനയത്തിന്റെ വിരുദ്ധ പ്രതിഭാസങ്ങളിൽ താത്പര്യമുള്ള ഗവേഷണബുദ്ധികൾ ഇതോർക്കുക.) തന്നെ ജയിപ്പിച്ചാൽ മൂന്നു മാസത്തിനകം കൊക്കകോളയെ തിരിച്ചു കൊണ്ടുവരുമെന്ന് സമ്മതിദായകന്മാർക്ക് ചരൺജിത്സിങ് അനൗപചാരികമായി വാക്കു കൊടുത്തിരുന്നത്രെ.

ഇതിഹാസം ദുരൂഹമായിത്തീരുന്നു. ആരാണ് കൊക്കകോളയുടെ ഭാഗത്ത്? ആരാണ് കൊക്കക്കോള വിരുദ്ധ (അതായത് സാമ്രാജ്യത്വവിരുദ്ധ) പാനീയമായ തംസപ്പിന്റെ ചേരിയിൽ? കൊക്കക്കോളയെ തിരിച്ചുവിളിച്ച് ദാഹം മാറ്റിത്തരാമെന്നു വാഗ്ദാനം ചെയ്യുന്നവർ അഫ്ഗാനിസ്ഥാനിലെ സോവിയറ്റ് സന്നിധിയെ നിരാകരിക്കാത്ത ഒരു രാഷ്ട്രീയ സംവിധാനത്തിന്റെ ഘടകമല്ലേ? അതോ ഇന്ദിരാ കോൺഗ്രസ്സിൽ ആന്തരവൈരുദ്ധ്യങ്ങളുണ്ടെന്നു വരുമോ? രാഷ്ട്രീയ, ദാർശനിക പ്രശ്നങ്ങളാണ്. ചിരിക്കരുത്.

കൊക്കകോള ഇന്ത്യയിലേക്കു നുഴഞ്ഞുകയറിയ നാല്പതുകളുടെ അവസാനത്തിൽ അതിനെ ശക്തിയായി എതിർക്കാനിറങ്ങിയത് സ്വാഭാവികമായും ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരായിരുന്നു. കാരണം, കൊക്കക്കോള അമേരിക്കൻ കുത്തക മുതലാളിത്തത്തിന്റെ കണ്ടുപിടിത്തമായിരുന്നല്ലോ. കൊക്കകോള മനുഷ്യവർഗ്ഗത്തിനെതിരെ മുതലാളിത്തം നടത്തുന്ന ഒരു 'ജെനറ്റിക് സബൊട്ടാഷ്' (genetic subotage) ആണെന്നുവരെ സ്ഥാപിക്കാനായി ഗവേഷണ വിപ്ലവങ്ങൾ നടന്നു. കൊക്കകോള കുടിപ്പിച്ച എലികൾക്ക് മൂന്നാം തലമുറയിൽ പല്ലുകൾ കൊഴിഞ്ഞു തുടങ്ങിയത്രേ.

എന്നാൽ, മധുരപദാർത്ഥമല്ലേ? വിപ്ലവവീര്യം അതിന്റെ മുമ്പിൽ മയപ്പെട്ട് മയപ്പെട്ട് ക്രമേണ ഇല്ലാതാവാൻ തുടങ്ങി. അതിന്റെ ജന്മഭൂമിയായ അമേരിക്കയിൽ കൊക്കക്കോള ഇതര കോളകളെ മത്സരിച്ചു പരാജയപ്പെടുത്തി. നാലക്ഷര പദങ്ങളുടേതായ സാംസ്കാരിക യുഗത്തിൽ കൊക്കകോള രതിഭാവം സ്ഫുരിക്കുന്ന നാലക്ഷരപദമായ 'കോക്ക്' ആയി പരിണമിച്ച് അജയ്യമായി. യൂറോപ്പിലും ഏതാണ്ടിതൊക്കെത്തന്നെ സംഭവിച്ചു. പിന്നെ ഈ ആസുരപാനീയം ഇരുമ്പുമറ ഭേദിച്ച് കർക്കടക വിപ്ലവത്തിന്റെ പുണ്യഭൂമിയിലേക്കും കടന്നു.

ഞാൻ ദില്ലിയിലേക്കു താമസം മാറ്റിയ അമ്പതുകളുടെ അവസാനത്തിൽ കൊക്കക്കോള സോവിയറ്റ് തന്ത്രാലയത്തിന്റെ വിരുന്നുകളിൽ സുലഭമായി ഒഴുകിയിരുന്നു. കൊളോണിയലിസത്തിന്റെ മിച്ചമൂല്യമായ സ്കോച്ചുവിസ്കിക്കു പുറമേ (ലോകവിപ്ലവത്തിന് ജാപ്പാനീസുകാറുകളായ ടയോറ്റകളും ഡാറ്റ്സനുകളും കൊക്കകോള ഉപയോഗിക്കുന്ന അതേ പാപിഷ്ടതയോടെ തന്നെ ഉപയോഗിച്ചു എന്നും ഇവിടെ സ്മരിക്കട്ടെ.) എന്റെ സുഹൃത്തുക്കളായ ശുദ്ധവിപ്ലവകാരികൾ ആരുംതന്നെ കൊക്കകോളയെ എതിർക്കുന്ന കാര്യത്തിൽ ശുഷ്കാന്തി കാണിച്ചില്ല. ക്രിസ്തുമതത്തെപ്പോലെ കമ്മ്യൂണിസവും പാപസുഖങ്ങളിലേക്കു വഴുതിവീഴുകയായിരുന്നു. കൊക്കകോളയെയും അതിന്റെ സംസ്കാരത്തെയും എതിർത്തത് ഏതാനും പഴഞ്ചന്മാരും സനാതനികളും മാത്രമായിരുന്നു. പഴഞ്ചന്മാർ നമ്മുടെ നാട്ടിൽ മാത്രമല്ല, ലോകത്തെങ്ങുമുണ്ട്. ഈ അന്താരാഷ്ട്രീയ പഴഞ്ചന്മാർ പച്ചവെള്ളത്തിലും പാലിലും പച്ചക്കറിയിലും കാൽനടയിലും സൈക്കിളിലും ചെറുയന്ത്രങ്ങളിലും സാമാന്യ മര്യാദകളിലും അങ്ങനെ ലോകസമാധാനത്തിലും വിശ്വസിക്കുന്നു.

കാരണം, ഉപഭോഗ വസ്തുക്കളുടെ അനിയന്ത്രിതമായ ഉത്പാദനത്തിലും വില്പനയിലും ഊന്നിപ്പടുത്ത ഒരു സമുദായത്തിന്റെ യുക്തിപരമായ സമാപനമാണ് യുദ്ധം. 'മുതലാളിത്തത്തിന്റെ സംസ്കാരം കൺസ്യൂമറിസത്തിലേക്കു നീങ്ങുകയാണ്. മുതലാളിത്തവും കമ്മ്യൂണിസവും രണ്ടും അനിയന്ത്രിതമായ വളർച്ചയിലും വികസനത്തിലും വിശ്വസിക്കുന്നു. ഭൂമിയുടെ ധാതുക്കളും പ്രകൃതിവിഭവങ്ങളും അളവറ്റതല്ല. ഭൂമിയും അളവറ്റതല്ല. ജീവിതത്തിന് അപ്പാടെതന്നെ അളവുകളും പരിമിതികളുമാണ്. സംഘട്ടനവും അവസാനം യുദ്ധവും ഈ പരിമിതികളെ ഭേദിക്കുന്നില്ല. അതുകൊണ്ടാണ് അന്താരാഷ്ട്രീയ പഴഞ്ചന്മാർ പച്ചവെള്ളവും പാലും ബദൽ പാനീയങ്ങളായി മനുഷ്യരാശിയുടെ മുന്നിൽ വയ്ക്കുന്നത്.

# ഇനിയും നടത്തേണ്ട പഠനങ്ങൾ, അനുയോജ്യമല്ലാത്ത പഠനങ്ങൾ

## പ്ലാച്ചിമടയിലെ ഭൂജല സ്ഥിതിയെക്കുറിച്ച് സി.ഡബ്ലിയു., ആർ.ഡി.എം. വിദഗ്ധസമിതി തയ്യാറാക്കിയ റിപ്പോർട്ടിനെപ്പറ്റി കേരള വനഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞനായ ഡോ. എസ്. ശങ്കർ

ഭൂജലസ്ഥിതി വിലയിരുത്തുന്നതിന് അനവധി രീതികളുണ്ട്. ഇന്ത്യൻ സാഹചര്യങ്ങൾക്ക് കേന്ദ്ര ഭൂജലബോർഡ് 2 രീതികൾ വികസിപ്പിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. (കേന്ദ്രഭൂജല ബോർഡ് 1997)

എ. ചില പ്രത്യേക ധാരണകളെ ആസ്പദമാക്കിയുള്ള മഴയുടെ ഊഴ്ന്നിറങ്ങൽ പരിശോധന രീതി (Rainfall infiltration method based on adhoc norms) ഇത് വിസ്തൃതിയുള്ള പ്രദേശത്തേക്ക് ബാധകമായതാണ്.

ബി. പ്രാദേശിക ഭൂജല റീചാർജ്ജ് ബാലൻസ് രീതി (Regional ground water recharge and balance method)


ഇത് ചെറിയ പ്രദേശത്തിനുള്ള രീതിയാണ് ഇവിടെ പരാമർശിക്കുന്ന സി.ഡബ്ലിയു.ആർ.ഡി.എം. റിപ്പോർട്ടിൽ ചെയ്തിരിക്കുന്നത്. കേന്ദ്രഭൂജല ബോർഡിന്റെ റിപ്പോർട്ടിൽ ആദ്യരീതിയിൽ തയ്യാറാക്കിയ ചിറ്റൂർ പ്രദേശത്തേക്കുള്ള വിവരങ്ങൾ സ്വീകരിക്കുകയും മാറ്റങ്ങൾ വരുത്തി ഉപയോഗിക്കുകയുമാണ്. ചെറിയ പ്രദേശങ്ങളിലേക്കായി പരിവർത്തിക്കുമ്പോൾ ഉയർന്ന പരിധിയിലുള്ള എസ്റ്റിമേറ്റുകളുടെ വ്യതിയാനങ്ങളായിരിക്കും ലഭിക്കുക എന്ന ദൗർബല്യം ഈ രീതിക്കുണ്ട്.

മാത്രമല്ല നവീന ഉപകരണങ്ങളും യോഗ്യതകളുള്ള സ്റ്റാഫും കൊണ്ട് ജലപഠന മേഖലയിലെ മികച്ച സ്ഥാപനമായ സി.ഡബ്ലിയു.ആർ.ഡി.എം. 12 മാസം നീണ്ടുനിന്ന ഈ പഠനത്തിൽ

ഒന്നാമതായി പ്ലാച്ചിമടയിൽ മഴ അളക്കാനുള്ള ഒരു ഉപകരണം സ്ഥാപിക്കുകയോ രണ്ടാമതായി ഭൂമിയിലേക്ക് മഴയുടെ ഊഴ്ന്നിറങ്ങലിന്റെ നിരക്ക് പരിശോധിക്കുന്നതിന് റേഡിയോ ഐസോടോപ്പ് പഠനം നടത്തുകയോ ചെയ്തിട്ടില്ല.

*പാർവണം, ഒല്ലൂക്കര പി.ഒ., തൃശൂർ*

**ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം...... ഒ.വി. വിജയൻ കാർട്ടൂണുകൾ** കടപ്പാട് : ഡിസി ബുക്സ്, കോട്ടയം



വികസനത്തിന് വിരാമങ്ങൾ വേണമെന്നു ശഠിക്കുന്നത്. പക്ഷേ, ആരുണ്ട് ചെവിതരാൻ? സ്നേഹം പഴഞ്ചനായ ഒരാശയമാണല്ലോ? അണ്വായുധ സ്ഫോടനങ്ങളിൽ എരിഞ്ഞു പാവുകയാണല്ലോ പുരോഗമനപരമായ കാര്യം.'

ജോർജ് ഫെർണാണ്ടസ് കൊക്കകോളയെ പുറംതള്ളിയപ്പോൾ അന്നത്തെ ജനതാ സർക്കാർ സമൂലമായ ഒരു ക്രിയാപരിപാടി തുടങ്ങുകയാണെന്നു ഞാൻ തെറ്റിദ്ധരിച്ചു. എന്നാൽ, കൊക്കകോളയ്ക്കു പകരം പ്രത്യക്ഷപ്പെട്ടതു പാലോ, നാരങ്ങാവെള്ളമോ പനങ്കള്ളോ ആയിരുന്നില്ല. തംസപ്പും ഡബിൾ സെവനുമായിരുന്നു. കൃത്രിമങ്ങളും പ്രകൃതിവിരുദ്ധങ്ങളുമായ കൂട്ടിക്കലർപ്പുകൾ. അവയിൽ കോളകൂടമുണ്ടോ എന്ന കാര്യത്തിൽ ഇന്ന് വിദഗ്ധമായ രാഷ്ട്രീയ ചർച്ച നടക്കുന്നു. കാരണം, തംസപ്പിന്റെയും ഡബിൾ സെവന്റെയും കൊക്കകോളയുടെയും കുപ്പിക്കുള്ളിൽ പതിയിരിക്കുന്നത് ഫെർണാണ്ടസും ചരൺജിത്സിങ്ങും മറ്റുള്ളവരും ഒക്കെയാണ്.

പഴഞ്ചന്മാരുടെ സ്വപ്നത്തെ സ്മരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കട്ടെ. കൊക്കകോളയ്ക്കു പകരംവന്നതു നാരങ്ങാവെള്ളമോ, ആൽക്കഹോളിന്റെ അംശം നിയന്ത്രിക്കപ്പെട്ട പനങ്കള്ളോ ആയിരുന്നെങ്കിൽ അവയുടേതായ സാമ്പത്തിക പ്രക്രിയയും ചെറുയന്ത്രസംസ്കാരവും ഇവിടെ ഉണ്ടായിവന്നേനെ. നാരങ്ങാവെള്ളം വില്ക്കാനുള്ള കൊച്ചു പീടികകൾ, ശുചിത്വത്തോടും രോഗസംക്രമണ സാധ്യതയില്ലാതെയും അത് ഉപഭോക്താവിനു കൊടുക്കാൻ ഉപകരിക്കുന്ന് ചെറുകിടയന്ത്രങ്ങൾ-അങ്ങനെ പുതിയൊരു പാരസ്പര്യം. ഇതിനെയാണ് ചിന്തകനായ ഷുമാക്കർ 'ഇന്റർമീഡിയറ്റ് ടെക്നോളജി' എന്നു വിശേഷിപ്പിച്ചത്. എന്നാൽ ഗാന്ധിയൻ തത്ത്വചിന്തയിൽ മുങ്ങിപ്പൊങ്ങുന്ന നമുക്കാകട്ടെ അതൊക്കെ സെമിനാറുകളിൽ പ്രയോഗിക്കാൻ മാത്രമേ താത്പര്യമുള്ളു

*(ഭ്രഷ്ടതയുടെ തീവ്രവാദം).*

*കടപ്പാട് : ഒ.വി. വിജയന്റെ ലേഖനങ്ങൾ, ഡിസി ബുക്സ്, കോട്ടയം*